
# ബൈബിൾ
# ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE    J. C. CHOATE

***    ***    ***

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 6    June 1992    No. 3


## എഡിറ്റോറിയൽ

ലോക വ്യാപകമായി വിവിധ സംഘടനകൾ, സഭാ വിഭാഗങ്ങൾ എന്നിവ ഒററക്കും കൂട്ടായും നടത്താറുള്ള ഒന്നാണല്ലോ സുവിശേഷ പ്രസംഗങ്ങൾ. പലരും പല ഉദ്ദേശങ്ങൾ വെച്ചുകൊണ്ടാണ് ഇതു നടത്തുന്നതും. അടുത്ത സമയത്തു ഞാൻ ഡെൽഹിയിൽ പോയപ്പോൾ അവിടെ നടക്കുന്ന ഒരു യോഗം എങ്ങനെയുണ്ട് എന്ന് മനസ്സിലാക്കാൻ ഞാനും എന്റെ രണ്ടു സ്നേഹിതരുമായി പോയി. അവിടെ നടത്തപ്പെട്ട പ്രസംഗങ്ങൾ തികച്ചും വ്യത്യസ്തം. സംഘടിപ്പിക്കപ്പെട്ട രീതി ആളുകളെ ആകർഷിപ്പിക്കുന്നതായിരുന്നു. രാഷ്ട്രീയ നേതാക്കൾ, പ്രമുഖമതാദ്ധ്യക്ഷന്മാർ എന്നിവരെ അണിനിരത്തിയിട്ടുണ്ട്. ഒരു കൂട്ടം ആളുകൾ ബക്കററുകളുമായി പിരിവ് നടത്തുന്ന കാഴ്ച്ചയും ഞങ്ങൾ കണ്ടു. ദൈവം മനുഷ്യർക്കു വേണ്ടി ഒരുക്കിയ ദൈവിക പദ്ധതി ആരും പ്രസംഗിച്ചില്ല എന്നതു ഖേദകരമാണ്. അത്ഭുതങ്ങൾ നടക്കുമെന്ന് കൊട്ടി ഘോഷിച്ചവർ അവിടെ പ്രാർത്ഥിക്കുന്നതല്ലാതെ മറെറാന്നും സംഭവിച്ചില്ല. ഇതിലെല്ലാം ആളുകൾ ധാരാളം കൂടുന്നുണ്ട്. സത്യം തുറന്നു പ്രസംഗിക്കുന്ന യോഗങ്ങളിൽ സംബന്ധിക്കുന്നവരുടെ എണ്ണം തുലോം കുറവ്. ഭൗതികമായ കാര്യങ്ങൾക്കു മാത്രം ദൈവമോ ?

പി കെ വർഗീസ്

# ന്യായപ്രമാണം, ഉപകരണ സംഗീതം അത്ഭുതങ്ങൾ

**J. C. ചോട്ട്**

അനേക തവണ നാം വിശദമായി വിവരിച്ച വിഷയങ്ങളാണ് ന്യായ പ്രമാണം, ഉപകരണ സംഗീതം, അത്ഭുതങ്ങൾ എന്നിവ. എന്നിട്ടും ഇപ്പോഴും നമ്മുടെ മാന്യവായനക്കാർ ഈ വിഷയങ്ങളെക്കുറിച്ച് വീണ്ടും വീണ്ടും ചോദിക്കുന്നുണ്ട്. ആവർത്തിച്ച് ഉത്തരം നല്കുവാനോ ലേഖനങ്ങളായി എഴുതുവാനോ ഞങ്ങൾക്കു മടിയില്ല. ഗ്രഹിക്കാൻ താല്പര്യം കാണിക്കുന്നവരെ നിരുത്സാഹപ്പെടുത്തരുതല്ലോ. അനേക വർഷങ്ങളായി മതവിഭാഗങ്ങൾ ആചരിച്ചു വരുന്നതും അവരെ പഠിപ്പിച്ചു വെച്ചിരുന്നതും തെററായ രീതിയിൽ ആയിരുന്നതുകൊണ്ട് സത്യം കേൾക്കുമ്പോൾ ചിലർക്കു അരോചകമായും മററു ചിലർക്കു നവീനോപദേശമായും തോന്നാം. ഈ ബൈബിൾ വിഷയങ്ങളെ ദൈവം എങ്ങനെ രൂപപ്പെടുത്തിയിരിക്കുന്നു എന്നു ബൈബിളിലെ താളുകൾ നമുക്കു മറിച്ചുനോക്കാം. തെററ് ശരിയായും ശരി തെററുമായും അംഗീകരിച്ചിരിക്കുന്നവർക്കു ആദ്യം അല്പം പ്രയാസമുണ്ടായേക്കാം.

## ന്യായപ്രമാണം

പഴയ നിയമവും പുതിയ നിയമവും അടങ്ങുന്ന ബൈബിളിലെ എല്ലാ എഴുത്തുകളും ദൈവത്തിന്റെ വചനങ്ങളാണ് (2തിമൊഥെയോസ് 3:16,17; 2പത്രൊസ് 1:19-21). പഴയ നിയമവും പുതിയ നിയമവും എന്ന തരം തിരിക്കൽ തന്നെ സൂചിപ്പിക്കുന്നതു ഒന്നു പഴയതും മറെറാന്നു പുതിയതും ആണെന്നാണ്. പഴയ നിയമ കാലത്തു ജീവിച്ചിരുന്ന ആളുകൾ പുതിയ നിയമമോ, പുതിയ നിയമ കാലത്തു ജീവിക്കുന്ന ആളുകൾ പഴയ നിയമമോ അനുസരിക്കേണ്ടതില്ല.

എബ്രായ ലേഖകൻ പറയുന്നതു: അതു നിമിത്തം ആദ്യ നിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിന്നായി ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിൻെറ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിന്നു അവൻ പുതിയ നിയമത്തിൻെറ മദ്ധ്യസ്ഥൻ ആകുന്നു. നിയമം ഉള്ളേടത്തു നിയമ കർത്താവിൻെറ മരണം തെളിവാൻ ആവശ്യം. മരിച്ച ശേഷമല്ലൊ നിയമം സ്ഥിരമാകുന്നതു, നിയമ കർത്താവിൻെറ ജീവകാലത്തോളം അതിന്നു ഉറപ്പില്ല. അതുകൊണ്ടു ആദ്യ നിയമവും രക്തം കൂടാതെ പ്രതിഷ്ഠിച്ചതല്ല.

അതിനു ശേഷം അടുത്ത അദ്ധ്യായത്തിൽ ലേഖകൻ തുടർന്നു പറയുന്നതു ശ്രദ്ധിക്കുക. "ഇതാ ഞാൻ നിൻെറ ഇഷ്ടം ചെയ്വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ടു അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കി കളയുന്നു. ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (എബ്രായർ 10:4-10). ഈ വാക്യങ്ങൾ വായിച്ചു കഴിഞ്ഞപ്പോൾ ആർക്കു പറയാൻ കഴിയും നാം ഇപ്പോഴും ന്യായ പ്രമാണത്തിൻ കീഴിലാണ് എന്ന് ? ശ്രദ്ധിക്കുക; ദൈവം ഒരു നിയമം അഥവാ ഉടമ്പടി ഉണ്ടാക്കി. അതിൻെറ ഉദ്ദേശം അതു നിറവേററി. അതിനു ശേഷം മറെറാരു പ്രമാണം അഥവാ നിയമം ഉണ്ടാക്കി.

പുതിയതു ഉണ്ടാക്കപ്പെട്ടപ്പോൾ ആദ്യത്തേതു പഴയതും നമ്മെ ബാധിക്കാത്തതുമായി തീർന്നു. യേശുവിൻെറ മരണത്താലും തൻെറ രക്തത്താലും പുതിയതു മുദ്രയിട്ട് ഉറപ്പാക്കി. അതാണ് പഴയതു നമ്മെ ബാധിക്കാതിരിക്കാൻ കാരണം (മത്തായി 26:28). ഇപ്പോൾ പഴയനിയമയാഗ വ്യവസ്ഥ മാത്രമെ മാറിയിട്ടുള്ളു, പത്തു കല്പനകൾ ഇന്നും നില നില്ക്കുന്നു എന്ന് ആർ പറയും ? അതിൻെറയർത്ഥം, നിങ്ങൾക്കു താല്പര്യമുള്ളവ സ്വീകരിക്കയും അല്ലാത്തത് തിരസ്ക്കരിക്കയും ചെയ്യാമെന്നാണ്. ഒരു ഭാഗം എടുക്കുകയാണെങ്കിൽ അതു മുഴുവനായും എടുക്കണം. ദൈവത്തെ

അനുസരിക്കുന്നതിനോ ന്യായ പ്രമാണം പൂർണ്ണമായി അനുഷ്ഠിക്കുന്നതിനോ അങ്ങനെയുള്ളവർക്കു കഴിയുകയില്ല. അങ്ങനെ ചെയ്യുന്നവർ ക്രിസ്തുവിൻെറ യാഗത്തെ തള്ളിക്കളയുന്നവരുമാണ്.

പത്തു കല്പനകൾ ഇന്നു നിയമമായി ബാധിക്കുന്നില്ലെങ്കിൽ പിന്നെ കൊലയും വ്യഭിചാരവുമെല്ലാം ചെയ്യാമല്ലോ എന്നു ചോദിച്ചേക്കാം. തീർച്ചയായും പാടില്ല. ക്രിസ്തുവും പുതിയ നിയമ എഴുത്തുകാരും എല്ലാം ഈ ധാർമ്മിക നിയമാവലികളെ പ്രബോധിപ്പിച്ചിട്ടുണ്ട്. ശബ്ബത്തു പ്രമാണിക്കണം എന്നതൊഴിച്ച് മറ്റെല്ലാം പുതിയ നിയമത്തിലുണ്ട്. പുതിയ നിയമത്തിൽ ശബ്ബത്തിനു പകരം ആഴ്ചവട്ടത്തിൻെറ ഒന്നാം നാളിൽ ആരാധിക്കുവാനാണ് പറഞ്ഞിരിക്കുന്നതു. ശിഷ്യന്മാർ ആഴ്ചവട്ടത്തിൻെറ ഒന്നാം നാളിൽ അപ്പം നുറുക്കുവാൻ കൂടി വന്നിരുന്നതായി നാം പ്രവൃത്തി 20:7-ൽ വായിക്കുന്നു. കൊരിന്ത്യയിലുള്ളവർ തങ്ങൾക്കുള്ളതു ചരതിച്ച് വെച്ച് അന്നു, ധർമ്മശേഖരം നടത്തണമെന്ന് പൗലോസ് നിർദ്ദേശിക്കുകയുണ്ടായി (1കൊരിന്ത്യർ 16:1-2).

ആരാണ് ഈ ചട്ടങ്ങൾ ഉണ്ടാക്കിയതെന്നും ആർക്കാണ് അതു കൊടുത്തിട്ടുള്ളതു എന്നും നാം അറിഞ്ഞുതീർച്ചപ്പെടുത്തണം "മോശെ എല്ലാ യിസ്രായേൽ ജനത്തേയും വിളിച്ചു പറഞ്ഞതെന്തെന്നാൽ, യിസ്രായേലേ കേൾക്ക, നിങ്ങളുടെ ചെവികളിൽ ഞാൻ തരുന്ന വിധികൾ തന്നെ; അവ നിങ്ങൾ പഠിക്കേണം, സൂക്ഷിച്ചു പ്രമാണിക്കയും വേണം. കർത്താവ് ഈ പ്രമാണങ്ങളെ നമ്മുടെ പിതാക്കന്മാരോടല്ല; നമ്മോടു തന്നെ; ജീവനോടെ ഇരിക്കുന്ന നമുക്കു നല്കിയിരിക്കുന്നവയാണ് (ആവർത്തന പുസ്തകം 5:1-3). പിന്നീട് പത്തു കല്പനകളും തുടർന്നുള്ള മററു കല്പനകളും കൊടുത്തു. ഇന്നും പത്തു കല്പനകൾ വേണമെന്നു ആഗ്രഹിക്കുന്നവർ, പഴയ നിയമത്തേയും പുതിയ നിയമത്തേയും പൌലൊസ് താരതമ്മ്യപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിച്ചാൽ നന്നായിരിക്കും.

"അവൻ ഞങ്ങളെ പുതു നിയമത്തിന്റെ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല; ആത്മാവിന്റെ ശുശ്രൂഷകന്മാരത്രേ; അക്ഷരം കൊല്ലുന്നു; ആത്മാവോ ജീവിപ്പിക്കുന്നു. എന്നാൽ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന മരണ ശുശ്രൂഷ നീക്കം വരുന്നതായ മോശെയുടെ മുഖതേജസ്സു നിമിത്തം യിസ്രായേൽ മക്കൾക്കു അവന്റെ മുഖത്തു നോക്കിക്കൂടാതവണ്ണം തേജസ്സുള്ളതായെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാകയില്ലയോ ? ശിക്ഷാവിധിയുടെ ശുശ്രൂഷ തേജസ്സാകുന്നുവെങ്കിൽ നീതിയുടെ ശുശ്രൂഷ തേജസ്സേറിയതായിരിക്കും. അതേ, തേജസ്സോടുകൂടിയതു ഈ കാര്യത്തിൽ ഈ അതിമഹത്തായ തേജസ്സു നിമിത്തം ഒട്ടും തേജസ്സില്ലാത്തതായി നീക്കം വരുന്നതു തേജസ്സുള്ളതായിരുന്നെങ്കിൽ നിലനില്ക്കുന്നതു എത്ര അധികം തേജസ്സുള്ളതായിരിക്കും !

***

# 'നല്ലവനായ ജാക്ക്'

## ചെറുകഥ

### കെ. ആർ. ബോസ്

ഈ കഥ നടക്കുന്നത് പുരാതന ഈജിപ്റ്റിലെ ഒരു ഗ്രാമത്തിലാണ്.

നല്ല ചുറുചുറുക്കുള്ള ജാക്കിനും അവന്റെ പിതാവിനും ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. എന്നും പ്രഭാതത്തിൽ കിളികളുടെ ചലപില ഉള്ള നനവാർന്ന അന്തരീക്ഷം, പ്രഭാതം പൊട്ടി വിടരുന്നതിന്റെ ഭംഗി നോക്കി. ജാക്കും പിതാവും കൃഷിസ്ഥലത്തു പോയി. വർഷാവസാനം കൊടിയ വരൾച്ച കാരണം വിളവില്ലാതായി. കൊടിയ ക്ഷാമവും പട്ടിണിയും

അവൻെറ ഗ്രാമത്തിൽ ഭീതിപരത്തി. കൊടും പട്ടിണി സഹിക്കവെയ്യാതെ എന്തെങ്കിലും ജോലി തേടി തൻെറ പിതാവിൻെറ അടുത്ത് യാത്ര ചോദിച്ച് അടുത്തരാജ്യത്ത് പോയി. വഴിയാത്രക്കിടയിൽ നല്ലവനായ ജാക്ക്, ദൈവത്തെ മറന്നില്ല; അവൻെറ യാത്ര സുഖകരമായിരുന്നു. അടുത്തരാജ്യത്ത് എത്തിയപ്പോൾ ജാക്കിൻെറ കൈവശം വേണ്ടത്ര രേഖകൾ ഒന്നും ഇല്ലായിരുന്നു. രാജഭടൻമ്മാർ അവനെ തടവിലാക്കി.

ആറ്മാസംവരെ അവനു തടവറയിൽ കഴിയേണ്ടിവന്നു. അവിടത്തെ ജീവിതം അതിഭീകരമായിരുന്നു !

തടവറസൂക്ഷിപ്പുകാരൻ മദ്ധ്യവയസ്കനായിരുന്നു. യാൾ ജാക്കിനെ വളരെ അധികം ഉപദ്രവിച്ചു. മഞ്ഞുകണങ്ങൾ കൊണ്ട് തീർത്ത ചെറുതും വലുതുമായ മലകൾ പോലെ തോന്നിക്കുന്ന സ്ഥലത്തെ തടവറയിൽ ജാക്കിന് പുതയ്ക്കുവാൻ പുതപ്പോ പായോ ദുഷ്ടനായ അയാൾ കൊടുത്തില്ല ! അപ്പോഴും അവൻ ദൈവത്തോട് യാചിച്ചുകൊണ്ടിരുന്നു !

അങ്ങനെ കൊടും തണുപ്പിലും പ്രാർത്ഥനയിൽമുഴുകി എപ്പോഴോ ഉറങ്ങി. ഒരു ദിവസം ജാക്ക് തൻെറ തടവറയിലെ തണുപ്പ് മാററാൻ രാവിലെയും ഉച്ചക്കും, രാത്രിയും തരുന്ന ഭക്ഷണത്തിൻെറ പാത്രം ഒളിച്ച് വച്ച് രാത്രി അവ നിരത്തി കിടന്ന് ഉറങ്ങി. ജാക്കിൻെറ ശിക്ഷാകാലാവധികഴിഞ്ഞു അവൻ വീണ്ടും യാത്രയായി വളരെ ദൂരം ചെന്നപ്പോൾ ഒരു കുടിലിൻെറ മുന്നിൽ ഒരു യുവതിയെ കണ്ടു. ജീവിതത്തിലെ സകല സ്വത്തും നഷ്ടപ്പെട്ട് കരഞ്ഞ് കലങ്ങിയ മുഖവുമായി....

അവൻ അവൾക്ക് വേണ്ടി ജോലി ചെയ്തു പഴുത്ത ആപ്പിൾ തോട്ടം കണ്ട് യുവതി നന്ദിപറഞ്ഞു. ഒരു നല്ലകാര്യം ചെയ്ത തൃപ്തി....വീണ്ടും യാത്ര....

വിജനമായ ഒരു വനപ്രദേശത്ത് എത്തിയപ്പോൾ, രാത്രിയായി അൽപ്പം ഉറങ്ങണം ജാക്ക് തീരുമാനിച്ചു. അതിനായ്

ചുററുപാടും നോക്കിയപ്പോാം ആണ് അകലെ ഒരു നേരിയ പ്രകാശം; സന്തോഷത്തോട് കൂടി അവിടേയ്ക്ക് ചെന്നു. ഒരു പഴയ വീട് മഞ്ഞ്കണങ്ങാം കൊണ്ട് വാതിലും പരിസരവും മൂടിയിരുന്നു. വാതിലിൽ മുട്ടിനോക്കി. യാതോരു അനക്കവും കേറ്ക്കാതായപ്പോാം വാതിൽ തുറന്ന് നോക്കി ഒരു മദ്ധ്യവയസ്ക്കൻ തണുത്ത് വിറച്ച് അർദ്ധപ്രാണനായ്കിടക്കുന്നു;

അണയാറായ മെഴുകുതിരിക്കാലിൽ നിന്നും തീ കത്തിച്ച് ജാക്ക് മരക്കഷണം കൊണ്ട് തീ കൂട്ടി മദ്ധ്യവയസ്ക്കൻെറ തണുപ്പ് മാററി കാപ്പിയും (ഉണ്ടാക്കി കൊടുക്കുവാൻ) ജാക്ക് മറന്നില്ല !-

വളരെ കഷ്ടവും യാതനയും.... മാസം കുറെയായി ജാക്കിൻെറ രാജ്യത്തെ കാലാവസ്ഥയും കൃഷിയും മെച്ചപ്പെട്ടതായി ഒരു വഴി പോക്കനിൽ നിന്നും അറിഞ്ഞു:-

ഒരു പായ്ക്കപ്പലിൽ സ്വദേശത്തേയ്ക്കു ജാക്ക് യാത്രയായി. തൻെറ പ്രിയപ്പെട്ട പിതാവ് ജീവിച്ചിരിപ്പുണ്ടോ ?. അവൻെറ മനസ്സും കണ്ണും തൻെറ പിതാവിനെ കാണുവാൻ വെമ്പി- ഈജിപ്ററിൻെറ ഉത്സവകാലമാണ്. ജാക്ക് തൻെറ പിതാവിനെ അവിടെ എല്ലാം അന്വേഷിച്ചു തളർന്ന് ഒരു കൊത്തുപണികാം ചെയ്ത തൂണിൽ പിടിച്ച് അവൻ നിന്നു ! അടുത്തായി രണ്ട് വൃദ്ധൻമ്മാരും യുവതിയും. തൻെറ പിതാവിനെ ആ മൂന്നുപേരിൽ നിന്നും തിരിച്ചറിഞ്ഞു. പിതാവ് സന്തോഷം കൊണ്ട് മകനെ കെട്ടിപ്പുണർന്നു.

മററ് രണ്ടുപേരെയും പരിചയപ്പെടുത്തി വൃദ്ധൻ, തന്നെ തടവറയിൽ വച്ച് പീഡിപ്പിക്കുകയും യാദൃശ്ചികമായി കുടിലിൽ കണ്ട് മുട്ടി മഞ്ഞിൽ നിന്നും രക്ഷ നേടുവാൻ തീകൂട്ടി രക്ഷിച്ച അയാാം, ഒരു കോണിൽചാരി നിൽക്കുന്ന യുവതി പടയാളിയുടെ മകാം

നല്ലവനായ ജാക്ക് തന്റെ ജീവിതത്തിലെ ക്രൂരനിമിഷങ്ങളിൽ ദൈവം സഹായിച്ച കൃപയോർത്ത് സന്തോഷത്തോടെ പിതാവിനെയും കൂട്ടി യാത്രയായി. കുറച്ച് അകലെയായപ്പോൾ ജാക്ക് തിരിഞ്ഞ് നോക്കി; പടയാളി കണ്ണുനീർ ഒപ്പുന്നത് അവൻ കണ്ടു.

***

# ക്രിസ്തു ഒരു വിപ്ലവാചാര്യനോ?

കളത്തുകാൽ. രാജദാസ്

ആദർശലോകത്തിലെ അഭിനവ പണ്ഡിതന്മാർ അഹന്തകൊണ്ടോ ?. അജ്ഞത കൊണ്ടോ ?. യേശുക്രിസ്തുവിനെ സമ്പൂർണ്ണവിപ്ലവകാരി അഥവാ കമ്മ്യൂണിസ്റ്റുകാരൻ എന്ന് വിശേഷിപ്പിക്കുന്നു. പുസ്തകത്തിലൂടെയും സംയമനമില്ലാത്ത വാഗ്വർഷത്താലും ഇവർ ഗിരിപ്രഭാഷണങ്ങൾ നടത്തുന്നു.

ഈ മിഥ്യാബോധ തത്വത്തിന്റെ പദന്യാസം ഗർഭീകരിക്കുക വളരെ അർത്ഥശൂന്യതയാണ്. ഉപര്യുപരി ഉയരുന്ന ഈ ആശയങ്ങൾ വിശുദ്ധവേദപുസ്തക രേഖാസാക്ഷ്യങ്ങളുടെ അതിർവരമ്പുകളിൽ നിന്ന് എത്രയോ മൈൽ അകലെയാണ്. ആ പ്രശാന്തി ഭൂമിയിലെത്താൻ ഇവർ ഇനിയും പ്രയാണം തുടരേണ്ടിയിരിക്കുന്നു.

തൊഴിലാളികളെ സംഘടിപ്പിച്ചതും പാർട്ടിരൂപീകരിച്ചതും കമ്മ്യൂണിസ്റ്റ് ഗ്രന്ഥങ്ങൾ ആവിഷ്കരിച്ചതും, കമ്മ്യൂണിസ്റ്റുകാരാണ്. "സർവ്വരാജ്യത്തൊഴിലാളികളെ

(ശേഷം 23-ാം പേജിൽ)

# വീക്ഷാ ഗോപുരത്തിലെ യഹോവ

## Mutual Titles of Jehovah and Jesus

യഹോവയായ ദൈവത്തിനും യേശുക്രിസ്തുവിനും ഒരേപോലെ നല്കപ്പെട്ടിരിക്കുന്ന ചില നാമങ്ങളും, വിശേഷണങ്ങളുമാണല്ലോ നാം കഴിഞ്ഞ പ്രാവശ്യം പഠിച്ചത്. ക്രിസ്തുവും യഹോവയും തമ്മിലുള്ള ഐക്യതയെയും, സമത്വത്തെയും സൂചിപ്പിക്കുന്നതാണ് ഈ വിശേഷണങ്ങൾ **(titles)**.

യെശയ്യാവ് 44:6, 48:12 എന്നീ ഭാഗങ്ങളിൽ ആദ്യനും അന്ത്യനും എന്ന് വിളിക്കപ്പെട്ട യഹോവയായ ദൈവത്തിന്റെ ആ വിശേഷണം വെളിപ്പാട് പുസ്തകം 1:8, 17, 2:8, 22:13 എന്നീ ഭാഗങ്ങളിൽ കർത്താവായ യേശുക്രിസ്തുവിനെ ക്കുറിച്ച് പറഞ്ഞിരിക്കുന്നതിലൂടെ ആദ്യനും അന്ത്യനും ഏകനെന്ന് കാണുന്നു. യഹോവയും ക്രിസ്തുവും ദൈവമാണെന്ന് ഈ തെളിവ് കാണിക്കുന്നു.

രണ്ടാമതായി നിത്യനായ സ്രഷ്ടാവായി **(Eternal Creator)** വിശേഷിപ്പിക്കപ്പെട്ട യഹോവയായ ദൈവത്തിന്റെ അതേ അവസ്ഥ തന്നെ യേശുക്രിസ്തുവും തന്റേതാണെന്ന് വെളിപ്പെടുത്തിയിരിക്കുന്നു.

യെശയ്യാവ് 40:28—എബ്രായർ 1:8-12, യോഹന്നാൻ 1:1-3 ഇപ്രകാരം ക്രിസ്തുവും യഹോവയും തമ്മിലുള്ള സമാനതയെക്കുറിച്ച് നോക്കുമ്പോൾ താഴെ കാണുന്ന തരത്തിൽ പലകാര്യങ്ങളിലും അവർ തമ്മിലുള്ള തുല്യത വ്യക്തമാകുന്നു.

**രക്ഷകൻ (Saviour)**

യെശയ്യാവ് 45:22, 43:11-യഹോവ

യോഹന്നാൻ 4:42-യേശുക്രിസ്തു

**മരിച്ചവരെ ഉയർപ്പിക്കുന്നു (Raise Dead)**

1ശമുവേൽ 2:6-യഹോവയുടെ പ്രവൃത്തി
യോഹന്നാൻ 5:21, യേശുക്രിസ്തു

**ന്യായാധിപൻ (Judge)**

യോവേൽ 3:12-യഹോവ
യോഹന്നാൻ 5:27, മത്തായി 25:31-ക്രിസ്തു

**വെളിച്ചം (Light)**

യെശയ്യാവ് 60:19-20-വരെ യഹോവ നിത്യപ്രകാശം. യോഹന്നാൻ 8:12- ക്രിസ്തു സത്യവെളിച്ചം, ലോകത്തിന്റെ വെളിച്ചം

**ഞാൻ ആകുന്നവൻ (I am)**

പുറപ്പാട് 3:14-യഹോവ
യോഹന്നാൻ 8:58, 18:5,6-ക്രിസ്തു

**ഇടയൻ (Shephered)**

സങ്കീർത്തനം. 23:1-യഹോവ എന്റെ ഇടയൻ
യോഹന്നാൻ 10:11-ക്രിസ്തു, നല്ല ഇടയൻ

**മഹത്വം (Glory)**

യെശയ്യാവ് 42:8, 48:11-യഹോവ
യോഹന്നാൻ 17:5-ക്രിസ്തു

**വീണ്ടെടുപ്പുകാരൻ (Redeemer)**

ഹോശേയ 13:14-യഹോവ
വെളിപ്പാട് 5:9-ക്രിസ്തു

**മണവാളൻ (Bridegroom)**

യെശയ്യാവ് 62:5 (ഹോശേയ 2:16)-യഹോവയെക്കുറിച്ച്
വെളിപ്പാട് 21:2, മത്തായി 25:1-യേശുക്രിസ്തു

**പാറ (Rock)**

സങ്കീർത്തനം 18:2-യഹോവ
1കൊരിന്ത്യർ 10:4-ക്രിസ്തു

**പാപം ക്ഷമിക്കുന്നവൻ (forgiver of Sins)**

യിരെമ്യാവ് 31:34
മർക്കോസ് 2:7, 10

**ദൂതന്മാരാൽ ആരാധിക്കപ്പെടുന്നവൻ (Worshipped by Angels).**

സങ്കീർത്തനം 148:2

എബ്രായർ 1:6

**ദൂതന്മാരെ സൃഷ്ടിച്ചവൻ (Creator of Angels).**

സങ്കീർത്തനം 148:5

കൊലൊസ്സ്യർ 1:16-സകലവും സൃഷ്ടിച്ചവൻ-ക്രിസ്തു, (യോഹന്നാൻ 1:3)

**യഹോവ (എലോഹിം)- Jehovah-Elohim)**

യെശയ്യാവ് 40:3, മലാഖി, 3:11

മത്തായി 3:3, ലൂക്കോസ് 3:4, മർക്കോസ് 1:2-3, മത്തായി 11:10

**വീരനാംദൈവം (Mighty God)**

യെശയ്യാവ് 1:24, യഹോവ. (English-ൽ Mighty one of Israel. KJV)

തീത്തോസ് 2:12, യെശയ്യാവ് 9:6-ക്രിസ്തു മഹാദൈവം-വീരനാം ദൈവം

**നിത്യപിതാവ് (Eternal father)**

യെശയ്യാവ് 63:16-യഹോവ ... പിതാവ്

യെശയ്യാവ് 9:6-നിത്യപിതാവ്-യേശുക്രിസ്തു

**സത്യദൈവം (True God)**

യിരെമ്യാവ് 10:10-യഹോവ

1യോഹന്നാൻ 5:20-ക്രിസ്തു

**എല്ലാവർക്കും കർത്താവ് (Lord of All)**

യെശയ്യാവ് 45:23

യെശയ്യാവ് 45:23

റോമർ 10:12, ഫിലിപ്പിയർ 2:10-11, പ്രവൃത്തി 10:36

**കർത്താധി കർത്താവ്, രാജാധി രാജാവ് ( Lord of Lords, King of kins)**

ആവർത്തനപുസ്തകം 10:17, സങ്കീർത്തനം 136:3

1തിമൊഥെയോസ് 6:15, വെളിപ്പാട് 17:14, 19:16

## ദൈവം (God)

ഉല്പത്തി 1:1-ദൈവം-യഹോവ
റോമർ 9:5-ക്രിസ്തു ദൈവം

പഴയ നിയമത്തിലുടനീളം പ്രാർത്ഥനയ്ക്കായി മനുഷ്യർ ദൈവത്തോട് വിളിച്ചപേക്ഷിക്കുമായിരുന്നു. പക്ഷേ പുതിയ നിയമത്തിൽ (പ്രവൃത്തി 7:59) യേശുക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നതും കാണാൻ കഴിയും. ഇപ്രകാരം വളരെ വ്യക്തമായും വിശദമായും തന്നെ യഹോവയായ ദൈവവും ക്രിസ്തുവും തമ്മിലുള്ള ഐക്യത, സമത്വം ഇവ തെളിയിക്കുവാൻ കഴിയുന്നു.

വീക്ഷാഗോപുരക്കാർ പലതരത്തിലുള്ള ബലഹീനമായ ന്യായവാദങ്ങൾ കൊണ്ട് ദൈവീകമായ ഈ സത്യങ്ങൾ നിഷേധിക്കുവാനും, വ്യാഖ്യാനിക്കുവാനും ശ്രമിക്കുമെങ്കിലും ക്രിസ്തുവിലൂടെ ദൈവം വെളിപ്പെടുത്തിയ സത്യം ശക്തമായി തന്നെ നിലനില്ക്കുന്നു.

ക്രിസ്തുപറഞ്ഞു "ഞാനും പിതാവും ഒന്നാകുന്നു;"
"എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു...."
"ഞാൻ തന്നേ അവൻ എന്നും.....യോഹന്നാൻ 8:28"

എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു എന്ന് വെളിപ്പെടുത്തിയതിലൂടെ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവില്ലായ്മ കാരണമാണ് (യോഹന്നാൻ 8:19) അനേകർക്ക് ക്രിസ്തുവിനെ ദൈവമായി കാണാൻ കഴിയാതെ പോകുന്നത്. അവർക്കുവേണ്ടി, അവർക്ക് ദൈവീക സത്യങ്ങൾ കാണുവാൻ പൈശാചിക ബന്ധനങ്ങളിൽ നിന്നും മോചിതരായി (11കൊരിന്ത്യർ 4:3-4) ദൈവീകവെളിച്ചം നേടി സത്യങ്ങൾ ശരിയായി മനസ്സിലാക്കുവാൻ ദൈവം കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കാം. സ്ഥലപരിമിതി കാരണമാണ് മേൽ കാണിച്ച പട്ടികയിലെ വചനങ്ങൾ പൂർണ്ണമായി എഴുതാതിരുന്നത്. താങ്കൾ ദയവായി വചനം പരിശോധിച്ച് പഠിക്കുമല്ലോ.

(ശേഷം അടുത്ത ലക്കത്തിൽ)

***

# ആത്മാവിൽ ദരിദ്രൻ

സി. ആർ. പീയൂസ്

പട്ടണത്തിനു പുറത്തെവിടേയോ വച്ചു ശിഷ്യന്മാർ യേശുവിനോട് ചോദിച്ചത് ഇരുട്ടിനു മുമ്പായിരുന്നു.

"നീ പെസഹ കഴിപ്പാൻ ഞങ്ങൾ എവിടെ ഒരുക്കണം?"

"നഗരത്തിൽ ചെല്ലുവിൻ" യേശു പറഞ്ഞു: അവിടെ ഒരു കുടം വെള്ളം ചുമന്നു കൊണ്ടു ഒരു മനുഷ്യൻ നിങ്ങളെ എതിർപ്പെടും. അവന്റെ പിന്നാലെ ചെന്നു അവൻ കടക്കുന്നേടത്തു ആ വീട്ടുടയവനോടു ചോദിക്കുവിൻ. അവൻ വിരിച്ചൊരുക്കിയ ഒരു വൻമാളിക കാണിച്ചു തരും. അവിടെ പെസഹ ഒരുക്കുവിൻ,"

അവർ പോയി തങ്ങളോടു പറഞ്ഞതു പോലെ കണ്ടു, പെസഹ ഒരുക്കി.

ഇപ്പോഴാണ് ശിഷ്യന്മാർക്കു ശ്വാസം നേരേ വീണു കിട്ടിയത്!

നാടും വീടും നാട്ടാരേയും വിട്ട് വർഷങ്ങളായി ഗുരുവിനോടു കൂടി. പുറത്താരുമായി യാതൊരു ബന്ധവുമില്ല.

പെസഹ ഭക്ഷണ ശാല എവിടെ തയ്യാറാക്കണമെന്നതിനേപ്പററി അവർക്കു വേവലാധിയായിരുന്നു. ആരോടു ചോദിക്കും എവിടെ തെരയും ഒരിടവും കണ്ടു വെച്ചിട്ടില്ല.

നാഥനുമായി ഇതിനേപ്പററി സംസാരിച്ചിട്ടുപോലുമില്ലായിരുന്നു.

ഉത്തരമില്ലാത്ത ചോദ്യങ്ങൾ അവർ പരസ്പരം മുഖത്തോടു മുഖം നോക്കി കൈമാറുമെന്നല്ലാതെ....

സഹസ്രങ്ങൾക്കിനു പൊതു ജനങ്ങളോടും പ്രത്യേകിച്ച്, തങ്ങളോടും അവിടന്നു ഉപദേശിച്ചിട്ടുള്ളതാണ്, 'ഒന്നിനേക്കുറിച്ചും നിങ്ങൾ വിചാരപ്പെടരുത്" എന്ന തിരുവചനം.

അവർ അതു ഹൃദയത്തിൽ സൂക്ഷിച്ചു വെച്ചിട്ടില്ല. എല്ലാവരേയും പോലെ ഈ ചെവിയിൽ കൂടി കേട്ടു ആ ചെവിയിൽ കൂടി വിട്ടു കളയുകയാണ് ചെയ്തത്.

ഇപ്പോഴിതാ എല്ലാം കരതലാമലകം പോലെ !....

മാളികയുടമയുമായി നാഥൻ പറഞ്ഞൊത്ത പോലെ !

'മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമത്രെ' എന്ന തിരുവായ്മൊഴി; കടുകുമണിയോളം വിശ്വാസം തന്റെ അരുമക്കുഞ്ഞുങ്ങൾക്ക് വളർന്നോ എന്നു യേശു അവരുടെ ഹൃദയങ്ങളിലേക്കു കണ്ണിടുകയായിരുന്നില്ലേ ?

ആത്മാവിൽ ദരിദ്രരായ തന്റെ ശിഷ്യന്മാർ എത്തും പിടിയുമില്ലാതെ-നായ് ചന്തയ്ക്കു പോയി വന്ന പോലെ-മടങ്ങാനാകരുത്. തൊട്ടുകാണിച്ചെന്നോണം പറഞ്ഞുവിട്ടു.

എത്ര നല്ല മുൻ കരുതലുകൾ !....

മുറി വാതിൽ അടയ്ക്കപ്പെട്ടു.

അത്താഴമേശ ഭക്ഷണ പാനീയങ്ങളാൽ അലംകൃതമായി.

അസാധാരണമായ ഊണുമുറി. അതിഥികളില്ല. ആതിഥേയരില്ല. വെയ്ക്കുന്നവരും വിളമ്പുന്നവരുമെന്നല്ല; ഉണ്ണുന്നവരുമൊന്നു തന്നെ !

പതിമൂന്നു പേർ. സന്ധ്യയോടടുത്ത മങ്ങിയ വെളിച്ചം വിട്ടു മാറിയിട്ടില്ല.

അതനുക്രമം വളർന്നുകൊണ്ടിരിക്കുകയായിരുന്നു. ഒടുവിലിതാ പ്രകാശ പൂരിതമായി !...

നീലിമയോലുന്ന ആയിരമായിരം വെണ്ണിലാ വെളിച്ചമായി മാറി മുറിയാകെ !...

സ്വർഗ്ഗീയ പ്രഭ വെട്ടിത്തിളങ്ങുന്ന പ്രകാശ ധോരണി!

മേലേ നിന്നല്ല, കീഴേ നിന്നുമല്ല. ചുമരുകളിൽ നിന്നുമാണോ ? അല്ല ?

അതുകൊണ്ടായിരിക്കാം അസ്തമയാനന്തരവും വിട്ടുപോകാൻ മടി പൂണ്ട പകൽ വെളിച്ചം മുറിയിൽ പമ്മിപ്പമ്മി നിന്നിരുന്നത് !

സമയമായപ്പോൾ അവൻ അപ്പോസ്തലന്മാരുമായി ഭക്ഷണത്തിനിരുന്നു. ഉടനെ എഴുന്നേല്ക്കുകയും ചെയ്തു.

ഇരിപ്പിടം വിട്ടകന്നു നിന്നു.

മേലങ്കി ചുററഴിക്കുകയാണ്. അതു ഒരിടത്തു വച്ചു. ഉടുപ്പിനു മേലേ അരയ്ക്കു ബെൽട്ടെന്നോണം ഒരു തോർത്തു ചുററികെട്ടി. ഇരു കൈകളും എളുപ്പിൽ പിടിച്ചു മേല്പോട്ടല്പം ഉയർത്തി വച്ചു. ഒരു തരത്തിലും ആ തയ്യല് ഋാച്ചട്ട വലിയരുത്.

നാഥന്റെ ഈ ചേഷ്ടകൾ ശിഷ്യന്മാർ നോക്കിക്കാണുകയാണ്.

അതാ, യേശു വെള്ളക്കുടം തൂക്കി നടന്നു നീങ്ങുന്നു !

"ഇതെന്ത് ?"

"എന്താണ് ഞാനീ കാണുന്നത് ?

ശീമോൻ ഇരുന്നു പതറി.

"പാദങ്ങൾ നീട്ടു"

പന്തിയുടെ ഒരററത്തിരുന്ന ശിഷ്യന്റെ മുമ്പിൽ വന്നു നിന്നു താണു സൗമ്യതയോടെ ഗുരു ആവശ്യപ്പെട്ടു.

പെട്ടെന്നയാൾ ചെരിപ്പിൽ നിന്നു പാദങ്ങൾ ഊരി ആജ്ഞ നിർവ്വഹിച്ചു.

യേശു വലത്തെ കാൽ മുട്ടു മടക്കി കുനിഞ്ഞു ഇടത്തെ കയ്യിൽ ശിഷ്യന്റെ പാദങ്ങളെടുത്തു വെള്ളമൊഴിച്ചു കഴുകി തുടച്ചു.

എല്ലാവരാലും താൻ ആദരിക്കപ്പെട്ടിരിക്കുന്നു എന്നൊരു വലിപ്പം അയാൾക്കുണ്ടായിക്കാണാം.

മററുള്ളവരും പാദങ്ങൾ പുറത്തെടുത്തു തങ്ങളുടെ ഊഴവും കാത്തിരിക്കുകയായി.

ഇതേതായാലും നല്ലൊരേർപ്പാടുതന്നെ, കൊള്ളാം എല്ലാ ദിവസവും ഇതായിരുന്നുവെങ്കിൽ !....പലരും മനസ്സിൽ സന്തോഷിച്ചു ഉമിനീരിറക്കിയേക്കാം.

"കർത്താവ് പാദങ്ങൾ കഴുകുകയോ— ? ഒരടിമയുടെ വേല— ?"

"സാദ്ധ്യമല്ല, ഇതു സാദ്ധ്യമല്ല. എന്റെ പാദങ്ങൾ കഴുകാൻ ഞാൻ സമ്മതിക്കുകയില്ല." നാഥന്റെ ചെയ്തികൾ കണ്ടുകൊണ്ടിരുന്ന പത്രോസ് പറയുകയായി.

കടലും കൈത്തോടും തോളൊപ്പമോ ? ഇതു നേരിട്ടേ പററൂ... നെല്ലും പതിരും വേർതിരിച്ചറിയണം. പൊട്ടും പൊടിയും, നെട്ടും നുറുക്കും എങ്കിലേ വേർതിരിയൂ.

ജീവൻ വെച്ചു കളയുമെന്നു പറഞ്ഞതു ശരി തന്നെ. എന്നു വച്ചു.

സർവ്വശക്തനായ ദൈവ പുത്രൻ എന്റെ പാദങ്ങൾ കഴുകുകയോ,

ഗുരുവിനേക്കാൾ ശിഷ്യൻ ഒരിക്കലും ഒന്നുമല്ല; എന്നാണ് പഠിപ്പിച്ചിട്ടുള്ളത്. ഞാനനുവദിക്കില്ലാ; തീർത്തു പറയും.

പത്രോസിന്റെ മിഴികളിൽ ഒരു മഴയ്ക്കുള്ള വട്ടം കൂട്ടൽ

മററുള്ളവർ എന്നോടൊത്തുണ്ടോ എന്നറിയേണ്ട കാര്യം എനിക്കില്ല. ഈ മരുഭൂമിയിൽ ഞാനേകൻ തന്നെ ....

മറിച്ചും അയാളുടെ ചിന്ത പരക്കം പായുകയാണ്;.... എങ്കിൽ നിന്നെ ഈ കൂട്ടത്തിൽ ആവശ്യമില്ല എന്നു പറഞ്ഞാൽ ?

നാഥാ ! ദയവായി ഈ അടിയനെ വിട്ടയച്ചാലും; അങ്ങ് എന്റെ പാദങ്ങൾ ക്ഷാളനം ചെയ്യാൻ ഞാൻ യോഗ്യനല്ല അടിയനിതാ പോകുന്നു എന്നു പറയും.

അത്രത്തോളമായപ്പോൾ പുകഞ്ഞിരുന്ന തന്റെ ഹൃദയത്തിൽ തീയാളി. മിഴികൾ ഈറനണിഞ്ഞു.

(ശേഷം അടുത്ത ലക്കത്തിൽ)

***

# വായനക്കാരുടെ കത്ത്

വിഗ്രഹാരാധനയും പ്രതിമാവന്ദനവും എന്ത്, അല്ലെങ്കിൽ അവ ഒന്നുതന്നെയോ എന്നുള്ള സംശയം നമ്മിൽ പലരുടേയും ഇടയിൽ സർവ്വസാധാരണമാണ്. ഇതിനെ സംബന്ധിച്ച് ധാരാളം ലേഖനങ്ങൾ നാം ദിനംപ്രതി കണ്ടുമുട്ടാറുണ്ട്.

വിഗ്രഹാരാധന പാപം തന്നെയാണ് എന്നതാണ് ഈ ലേഖകന്റെയും അഭിപ്രായം. അത് എന്നിൽ പെട്ടെന്നൊരു നിമിഷത്തിൽ മുളച്ചുപൊട്ടിയ ഒരു ആശയമല്ല; മറിച്ച് ബൈബിൾ വിഗ്രഹാരാധനയെ ശക്തിയുക്തം എതിർക്കുന്നു. ദൈവം നൂറ്റാണ്ടുകൾക്കുമുമ്പ് മോശയ്ക്കു നല്കിയ കല്പനയാണത്. "ഞാനല്ലാതെ മറ്റു ദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്", (പുറപ്പാട് 20:3). **വിഗ്രഹങ്ങളെ ദൈവങ്ങളാക്കി** ആരാധന നടത്തിയിരുന്ന പുറം ജാതിക്കാരുടെ ആരാധനയിൽ നിന്ന് ഇസ്രായേലിനെ പിന്തിരിപ്പിക്കുവാൻ ഈ കല്പന ആവശ്യമായിരുന്നു. വിഗ്രഹങ്ങൾ നിർമ്മിക്കുന്നതിനെപ്പോലും ദൈവം തടഞ്ഞിരുന്നു എന്നു നമുക്കു കാണാം. "മുകളിൽ ആകാശത്തിലൊ, കീഴ്ഭൂമിയിലോ, ഭൂമിക്കടിയിൽ സമുദ്രത്തിലൊ, ഉള്ള യാതൊന്നിന്റെയും വിഗ്രഹമോ രൂപമോ ഉണ്ടാക്കരുത്; നീ അവയെ **ആരാധിക്കുകയോ സേവിക്കുകയോ** ചെയ്യരുത്" (പുറപ്പാട് 20:4-5) പക്ഷെ നാമിവിടെ വ്യക്തമായി മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട്, അതായത്, ദൈവം എന്തുകൊണ്ട് അപ്രകാരമൊരു കല്പന നല്കി? ആ കല്പനയുടെ ഉദ്ദേശ്യം രണ്ടാം ഭാഗത്ത് നാം വ്യക്തമായി ദർശിക്കുന്നു, അതായത്, അവയെ ആരാധിക്കുവാനായി നിർമ്മിക്കരുത് എന്നത്. വീണ്ടും ലേവ്യരുടെ പുസ്തകത്തിലേയ്ക്കു കടന്നു വരൂ (ലേവ്യർ 26:1). "ആരാധിക്കുന്നതിനു വേണ്ടി നിങ്ങൾ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കരുത്, കൊത്തുരൂപങ്ങളോ സ്തംഭങ്ങളോ

സ്ഥാപിക്കരുത്; ചിത്രശിലകളും നാട്ടരുത് " നോക്കു എത്ര മനോഹരമായി ദൈവം ആ ആശയം അവതരിപ്പിച്ചിരിക്കുന്നു.

എന്നാൽ ആരാധനയ്ക്കു വേണ്ടിയല്ലാതെ പ്രതിമകൾ ഉണ്ടാക്കുന്നതിനെ ദൈവം ഒരിക്കലും തടഞ്ഞിട്ടില്ല. പ്രതിമകൾ ഉണ്ടാക്കുന്നതു തന്നെ പാപമായിരുന്നുവെങ്കിൽ, ഒരു കാര്യം പറയുകയും വിപരീതമായി പ്രവർത്തിക്കുകയും ചെയ്തത് ദൈവം തന്നെ എന്ന് ഈ വാദഗതിക്കാർ സമ്മതിക്കുവാൻ തയ്യാറാവുമോ എന്നാണ് എനിക്കറിയേണ്ടത്. ശ്രീ. ജെ. ഫ്രാൻസീസ് ഡിസംബർ ലക്കത്തിലെഴുതി;

മനുഷ്യനെ സൃഷ്ടിക്കുവാൻ അവൻ (ദൈവം) നിലത്തെ പൊടികൊണ്ട് തൻെറ സാദൃശ്യത്തിൽ ഒരു രൂപമുണ്ടാക്കി. **അത് ആരാധന നടത്തുവാനല്ല.** മനുഷ്യനെ സൃഷ്ടിക്കുവാൻ വേണ്ടി മാത്രമായിരുന്നു! ഇവിടെ ദൈവം തന്നെ ആദ്യത്തെ പ്രതിമ നിർമ്മിച്ചില്ലേ? ഫ്രാൻസിസ് സഹോദരനോടു ഒന്നു ചോദിച്ചോട്ടെ, താങ്കൾ തന്നെ പറഞ്ഞുവല്ലോ അത് ആരാധനനടത്തുവാനായിരുന്നില്ല അപ്പോൾ അതിനർത്ഥം ആരാധനയ്ക്കല്ലാതെ പ്രതിമകൾ നിർമ്മിക്കുന്നതിൽ കുഴപ്പമില്ല എന്നല്ലേ? അതിനു താഴെയുള്ള ഖണ്ഡികയിൽ **വിഗ്രഹം നിർമ്മിക്കുന്ന**തിനെത്തന്നെ താങ്കൾ എതിർത്തിരിക്കുന്നു. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ വാദഗതികൾ നിർത്തിക്കൊണ്ട് പ്രബുദ്ധരായ ഇന്നാട്ടിലെ ജനങ്ങളെ ഇനിയും കബളിപ്പിക്കാമെന്നു നിങ്ങൾക്കു വ്യാമോഹമുണ്ടോ?

ഇസ്രായേൽ ജനത്തെ ശിക്ഷിക്കുവാൻ ദൈവം അഗ്നിസർപ്പങ്ങളെ അയച്ചതിനു ശേഷം അവയിൽ നിന്നു രക്ഷപെടുവാൻ ഒരു പിത്തള സർപ്പത്തെ ഉണ്ടാക്കുവാൻ ദൈവം തന്നെ കല്പിക്കുകയുണ്ടായല്ലോ: "ഒരു പിത്തള സർപ്പത്തെ ഉണ്ടാക്കി അതിനെ ഒരടയാളമായി സ്ഥാപിക്കുക. സർപ്പദർശനമേല്ക്കുന്നവൻ അതിനെ നോക്കിയാൽ ജീവിക്കും.. ആകയാൽ

മോശ പിത്തളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ അടയാളമായി സ്ഥാപിച്ചു'' (സംഖ്യ 21:8-9). എന്തെ അത് ആകാശത്തിന്റെ കീഴിലെങ്ങുമുള്ള ഒന്നിന്റെയും രൂപമല്ലേ സഹോദരാ? ദാറശ്ശം ദേവാലയത്തിൽ ക്രോബെ മാലാഖമാരുടെ ഒരു പ്രതിമ സ്ഥാപിക്കാനും പിത്തള കാളയെയും സിംഹങ്ങളെയും അലങ്കാരമായി നിർമ്മിക്കുവാനും ദൈവം തന്നെ ആജ്ഞാപിക്കുകയുണ്ടായി (പുറപ്പാട്) 25:18;37:7; 1 ദിനവൃത്താന്തം, 28:18; 1 രാജാ, 10:19,20) കൂടാതെ വൃക്ഷങ്ങളുടേയും പൂക്കളുടേയും പഴങ്ങളുടേയും പ്രതിമകാം ഉണ്ടാക്കുവാനും ദൈവം കല്പിച്ചിരുന്നു (പുറപ്പാട് 25:31-36). ഈ കല്പനകളിൽ നിന്നും യാതൊന്നിന്റെയും പ്രതിമകാം ഉണ്ടാക്കരുതെന്ന ദൈവകല്പന അവ ആരാധിക്കുവാൻ വേണ്ടി ഉണ്ടാക്കരുതെന്നും മററു ലക്ഷ്യങ്ങൾക്കായി ഉണ്ടാക്കാമെന്നും വ്യക്തമാണ്.

ഫ്രാൻസിസ് സഹോദരൻ, ഇസ്രായേൽക്കാർ കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ച വിവരം പറഞ്ഞിട്ടുണ്ടല്ലോ. താങ്കാം തന്നെ പറയുന്നു തങ്ങളെ വിടുവിച്ചു കൊണ്ടുവന്ന **ദൈവം ഇവൻ തന്നെ** എന്നു പറഞ്ഞുകൊണ്ട് അവർ ആഘോഷമാരംഭിച്ചു എന്ന്. അവിടെ തീർച്ചയായും വിഗ്രഹാരാധന തന്നെയാണ് സംഭവിച്ചിരിക്കുന്നത്. കാരണം സർവ്വശക്തനായ ദൈവത്തിന്റെ സ്ഥാനത്ത് അവർ ആ ഇത്തിരിപ്പോന്ന കാളക്കുട്ടിയുടെ രൂപം കണ്ടാക്കി പ്രതിഷ്ഠിച്ചു. പക്ഷേ യാതൊരു പള്ളികളിലും ഏതെങ്കിലും പ്രതിമയോ അതു പ്രതിനിധാനം ചെയ്യുന്ന വ്യക്തിപോലുമോ **ദൈവമാണെന്ന്** ആരും പഠിപ്പിച്ചിട്ടുള്ളതായോ ആരെങ്കിലും വിശ്വസിക്കുന്നതായോ ഈ എന്റെ 19 വർഷത്തിനുള്ളിൽ എവിടെയും കേട്ടിട്ടില്ലല്ലോ സഹോദരാ.

ഒരിക്കൽ ഒരു നിരീശ്വരവാദി ഒരു വിശ്വാസിയെ സമീപിച്ചു പറഞ്ഞു: ''ഹേ മനുഷ്യാ താങ്കാം ബൈബിാം പഠിച്ചിട്ടില്ല. കാരണം, ദൈവമില്ല എന്ന് ബൈബിാം തന്നെ പറയുന്നു'' വിശ്വാസി അതിശയിച്ചു പോയി. നിരീശ്വരവാദി 14-ാം സങ്കീർത്തനത്തിലെ ആദ്യവാക്ക് കാണിച്ചുകൊടുത്തു.

പക്ഷെ അയാൾക്കു പററിയ അബദ്ധം എന്താണെന്നു നമുക്കു വ്യക്തമാണല്ലോ. മുഴുവൻ വായിക്കാതെ പോയതായിരുന്നു അയാൾക്കു് പററിയ കുഴപ്പം. ഇതു തന്നെയാണ് ചില ബൈബിൾ വ്യാഖ്യാതാക്കളെപ്പററി എനിക്കുമുള്ള അഭിപ്രായം. അതു മാത്രമല്ല ഇന്നു പല സഭാവിഭാഗങ്ങളിലും സ്വന്തമായി ബൈബിൾ വ്യാഖ്യാനം നടത്തുകയാണ് അംഗങ്ങളിൽ പലരും. എന്നാൽ അതിനുള്ള അധികാരം സഭയ്ക്കു മാത്രമെ ഉള്ളു എന്ന് വി. പത്രോസ് ശ്ലീഹ തന്റെ ലേഖനത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നു (1 പത്രോസ് 1:20). അപ്പോൾ അതിന് അധികാരമുള്ള സംവിധാനം സഭയിലുണ്ടാകണമല്ലോ. ഇന്നു പല സഭകൾക്കും ഇല്ലാത്തതും അതു തന്നെ. കാരണം, ഒന്നുകിൽ ഭാര്യ ജീവിച്ചിരിക്കെ മററു വിവാഹം ചെയ്യുവാൻ അനുവാദം ലഭിക്കാത്തതിന്റെ പേരിലോ അല്ലെങ്കിൽ പള്ളിയിൽ അധികാരികളുമായി 'ഉടക്കിയതിന്റെ' പേരിലോ ഒക്കെ ദിനംപ്രതി 'ക്രിസ്തുവിന്റെ സഭകൾ' ഉടലെടുത്തു കൊണ്ടിരിക്കുകയാണല്ലോ. അവയുടെ സ്ഥാപകർക്കെങ്ങനെ ഔദ്യോഗികാധികാരമുണ്ടാവും?

ഏതായാലും നമ്മുടെ വിഷയം വിട്ടു നാം പോകരുതല്ലോ. ഒരു സൃഷ്ടവസ്തുവിനെ സ്രഷ്ടാവായി വണങ്ങുന്നതാണ് വിഗ്രഹാരാധന (ഉത്തമോദാഹരണം-ഇസ്രായേൽക്കാരുടെ കാളക്കുട്ടി). ഒരു നിർജ്ജീവ വസ്തുവിനെയോ (കല്ല്, സൂര്യൻ, വിഗ്രഹം,) ഒരു ജന്തുവിനേയോ (പ്രാവ്, കുരങ്ങൻ, കഴുകൻ) ഒരു മനുഷ്യനെയോ (രാജാവ്) മാലാഖയെപ്പോലുമോ ദൈവമായി ആരാധിക്കാൻ പാടില്ല; കാരണം ആരാധന സ്രഷ്ടാവിനുള്ളതാണ്; സൃഷ്ടിക്കുള്ളതല്ല.

നൂററാണ്ടുകളുടെ പഴക്കം വിളിച്ചോതുന്ന സഭയുടെ ചരിത്രത്തിന്റെ ഏടുകളിലേയ്ക്കൊന്നു കടന്നു ചെല്ലൂ, ആദിമ ക്രിസ്ത്യാനികളുടെ ജീവിതത്തിലേക്കെത്തി നോക്കൂ.

(ശേഷം അടുത്ത ലക്കത്തിൽ)

(10-ാം പേജിന്റെ തുടർച്ച)

"സംഘടിക്കുവിൻ" എന്ന് ആദ്യമായി ആഹ്വാനം ചെയ്ത ഗ്രന്ഥം "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആണ്" അല്ലാതെ ബൈബിൾ അല്ല. ആത്മീയമായി ഒന്നാകുവാൻ ബൈബിളും

യേശുക്രിസ്തു സ്വർഗ്ഗരാജ്യത്തെയും നിത്യഭവനത്തെയും കുറിച്ചു പ്രസംഗിക്കുവാൻ വന്നു എന്ന് മത്തായി ചൂണ്ടിക്കാണിക്കയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. പാതകത്തിൽ നിന്ന് മർത്യന് പ്രത്യക്ഷതയിൽ വിമോചനവും ശപിക്കപ്പെട്ട ജീവിത ചര്യയിൽ നിന്ന് ഉണർച്ചും നല്കും എന്ന് വചനം ഉദ്ഘോഷിക്കുന്നു.

യേശുക്രിസ്തു ഉപമിതകഥകളിലൂടെയും യഥാർത്ഥ പ്രവർത്തനത്തിലുടെയും തന്റെ അവതരണ ഉദ്ദേശ്യം സ്പഷ്ടമാക്കുന്നു. ധനവാന്റെയും ലാസറിന്റെയും കഥ ഔദാര്യത്തിന്റെയും ആർദ്രതയുടെയും ഗുണാനുഗുണനിർണ്ണയങ്ങളുടെ വിലയിരുത്തലാണ്. മഹാമനസ്കതയില്ലാത്ത ധനവാനു കൊടുക്കുന്ന ശിക്ഷാവിധിയും; ദരിദ്രനു കൊടുക്കുന്ന ക്ഷേമത്തെയും കുറിച്ചു വിശുദ്ധ വേദ പുസ്തകത്തിൽ വീക്ഷിയ്ക്കാവുന്നതാണ്.

അപ്രകാരം തന്നെ ഒരു മനുഷ്യന്റെ ധന്യമായ ജീവിത രീതിയിൽ നിന്ന് വളരെ താഴ്ന്നവനെ യഥേഷ്ടം സ്നേഹിക്കയും സഹായിക്കയും ചെയ്യണമെന്ന് യേശുക്രിസ്തു ഉപദേശിക്കുന്നു. വിവേകരമായ സദ്യനടത്തുമ്പോൾ (ഭക്ഷണ സദ്യ) കുരുടർ, മുടന്തർ, കൈകാലില്ലാത്തവർ, അംഗവൈകല്യം ഉള്ളവരെ ക്ഷണിക്കണമെന്ന് കർത്താവ് പ്രതിപാദിക്കുന്നു. ആത്മീയ സദ്യയും അത്തരക്കാരെ ഒഴിവാക്കാവുന്നതല്ല എന്ന സത്യം നാം മറക്കരുതു.

"യേശുക്രിസ്തുവിന്റെ അലൗകിക സ്വരം ദുർവാസനയുള്ള വർണ്ണവിവേചനത്തെയും അനാചാരങ്ങളെയും മനുഷ്യന്റെ അസന്മാർഗ്ഗിക ജീവിതത്തെയും നഖശിഖാന്തം എതിർക്കുന്നതായിരുന്നു. അതിനുള്ള ഒരു ദൃഷ്ടാന്തമാണ

സർവ്വരാലും വെറുക്കപ്പെടുകയും പരിത്യജിക്കപ്പെടുകയും ചെയ്ത ശമര്യസ്ത്രീയും യേശുക്രിസ്തുവും തമ്മിലുള്ള സംഭാഷണം. ദൈവത്തിൻെറ മുമ്പിൽ മുഖപക്ഷമില്ല എന്നതിന് വ്യക്തമായ തെളിവ് ഇതു മതി.

എന്നാൽ അന്നത്തെ സമൂഹത്തിൻെറ അവഹേളന, പ്രത്യാഘാതം ദൈവീക പന്ഥാവിൽ നിന്ന് വളരെ വ്യത്യസ്ഥമായിരുന്നതിനാൽ യേശുക്രിസ്തുവിന് വളരെ ത്യാഗം സഹിയ്ക്കേണ്ടിവന്നു. യേശുക്രിസ്തു പാപികളെയും പാപിനികളെയും സ്നേഹിക്കയും പാപം മോചിച്ചു കൊടുക്കയും ചെയ്തു. അന്നത്തെ സമൂഹത്തിൽ വളരെ താഴ്ന്നവരുമായിട്ടാണ് യേശുക്രിസ്തുവിനു സഹവാസം ഉണ്ടായിരുന്നത്. ഈ കാരണത്താൽ യേശുക്രിസ്തുവിനെ ഒരു കമ്മ്യൂണിസ്റ്റുകാരനെന്ന് വിശേഷിപ്പിക്കപ്പെടുന്നത് വേദപുസ്തകത്തിന് വിരുദ്ധമാണ്.

## അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും —

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളവരേ എല്ലാവരും എൻെറ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എൻെറ നുകം ഏററുകൊണ്ടു എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും (മത്തായി 11:28-29).

കഠിനാദ്ധ്വാനികളെയാണ് ആശ്വസിപ്പിയ്ക്കാൻ യേശുക്രിസ്തു ക്ഷണിച്ചതെന്നാണ് ചില കമ്മ്യൂണിസ്ററ് കാരുടെയും ചില സഭാവിഭാഗങ്ങളുടെയും സദാചാരതത്വങ്ങൾ. എന്നാൽ സത്യവേദപുസ്തകത്തിൽ ദൈവം പറയുന്നത്, "നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിൻെറ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്നു (ഭൂമിയിൽ നിന്ന്) അഹോവൃത്തികഴിക്കും. മുള്ളും പറക്കാരയും നിനക്കു അതിൽ നിന്ന് മുളെക്കും. വയലിലെ സസ്യം

നിനക്ക് ആഹാരമാകും. നിലത്തു നിന്നു നിന്നെ എടുത്തിരിക്കുന്നു. അതിൽ തിരികെ ചേരുവോളം "മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും" (ഉല്പത്തി-3:17-19).

കുററമററരീതിയിൽ പ്രതിപാദിയ്ക്കയാണെങ്കിൽ 'ദൈവം-മനുഷ്യനോട്' 'നീ മുഖത്തെ വിയർപ്പോടെ ഉപജീവനം കഴിക്കും എന്നായിരുന്നു പറഞ്ഞത്' കഷ്ടതയോടെ ഭൂമിയിൽ അദ്ധ്വാനിക്കും എന്നു പ്രസ്താവിക്കാവുന്നതാണ്.

അരുമനാഥനായ ദൈവം ഇങ്ങനെ അരുളിച്ചെയ്തതിന് ശേഷം ദൈവത്തിന്റെ പുത്രൻ യേശുക്രിസ്തു ഭൂമിയിൽ ഫലപുഷ്ടമായരീതിയിൽ കൃഷി ചെയ്യുന്നവരെ വിളിച്ചു വേർതിരിച്ചു ആശ്വസിപ്പിക്കേണ്ടതായ ആവശ്യകതയുണ്ടോ ?

നന്മനിറഞ്ഞപ്രവർത്തി, സദ്സ്വഭാവം, ശ്രേഷ്ഠമായപ്രശാന്തി, സ്നേഹം, ദീർഘക്ഷമ എന്നിവയിൽഉറച്ചുകൊണ്ടിരിക്കുന്ന (ആത്മീയമായി അദ്ധ്വാനിക്കയും ഭാരപ്പെടുകയും ചെയ്യുന്ന) ദൈവത്തിന്റെസാമ്രാജ്യത്തിലാകുവാൻ കഷ്ടപ്പെടുന്നവർക്കാണ് യേശുക്രിസ്തുവിന്റെ ആശ്വാസപ്രദമായ കരം നീട്ടുന്നത്. ദൈവത്തിന്റെ നാമത്തിന് വേണ്ടി മനുഷ്യർ പീഡിപ്പിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്നു; കൂടാതെ മർദ്ദിതവിഭാഗങ്ങളായും തീരുന്ന ഇവരാണ് ഏററവും വലിയ അദ്ധ്വാനികൾ. അങ്ങനെയുള്ളവരുടെ ആ[illegible]ാക്കൾക്ക്ആണ് ആശ്വാസം കണ്ടെത്തേണ്ടത്.

## "എന്റെ നുകം ഏററുകൊണ്ടു എന്നോടു പഠിപ്പിൻ" —(മത്തായി-11:29)

ഈ വാക്യത്തിൽ ആരാലും സന്ദേഹം സൃഷ്ടിയ്ക്കാറുണ്ട്. യേശുക്രിസ്തു പാടത്ത് (വയലിൽ) നാൽക്കാലിയെ വച്ച് ഉഴാൻ പോകുന്നവരെയാണ് ക്ഷണിച്ചതെന്ന് അജ്ഞാനജന്യം കൊണ്ടു ചിന്തിച്ചിരിയ്ക്കാം. എന്നാൽ അതല്ലഅതിന്റെ യാഥാർത്ഥ്യം?" **(yoke) A wooden frame put on the necks of oxen while Ploughing**. നുകവും

കലപ്പയും രണ്ടും വ്യത്യസ്ഥമാകുന്നു. കലപ്പ വയൽ (നിലം) ഉഴുതിളക്കുന്ന സാധനം (Plough). നുകം എന്നത് ഉഴുന്നത് ഏത് മൃഗമാണോ ?-അതിന്റെ കഴുത്തിൽ വയ്ക്കുന്ന തടി, എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്ന നുകം യെഹൂദ ധർമ്മശാസ്ത്രമാകുന്നു. 'നുകം' യെഹൂദപദപ്രയോഗത്തിൽ മനുഷ്യർക്ക് സ്വസ്ഥതയും മനസമാധാനവും നല്കുന്നു. ഇതിന്റെ സ്ഥാനത്ത് യേശുവിന്റെ ഉപദേശം അഥവാ ദൈവ വചനമാകുന്ന നുകത്തെപ്പററി പ്രസ്താവിക്കുന്നു. മനുഷ്യർക്കുയേശുവിന്റെ ജീവിതവുമായി ഇതു മുഖേന പങ്കാളിത്തവു മേകുന്നു. ഈ നുകം യഥാർത്ഥ സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നു. സംസ്കൃതത്തിലെ 'യോഗ' ഐക്യം എന്ന പദവും ഗ്രീക്കിലെ Zygon-നുകം എന്ന പദവും തമ്മിൽ ഭാഷാപരമായി വളരെ സാമ്യം കാണുന്നു. സുവിശേഷത്തിലെ എന്നപോലെ ഈ ഭാഗത്തെ അടിസ്ഥാന പരമായ ആശയം യേശുവിന്റെ അധികൃതജ്ഞാനവും അധികൃത വചനങ്ങളുമത്രെ.

## കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ ?

വായനാഭാഗം- മത്തായി 22:16-17

ഹെരോദ്യർ, റോമൻ സാമ്രാജ്യ ഭരണകൂടവുമായി സഹകരിച്ചു. പരീശന്മാർ (ദേശീയവാദികൾ) അപ്രകാരം ചെയ്തിട്ടില്ല. ഈ രണ്ട് ഗ്രൂപ്പുകളിലും പെട്ടവർ യേശുവിനു വിരുദ്ധമായി പ്രയോഗിക്കുന്നതിന് പര്യാപ്തമായ പ്രസ്താവന യേശുവിൽ നിന്ന് പ്രതീക്ഷിച്ചു. ഇരുവരും യേശുവിനെ നശിപ്പിക്കാൻ ആശിച്ചു. യേശുവിന്റെ ഉത്തരം വിദേശികളെല്ലാം ദൈവത്തെയാണ് ബഹുമാനിക്കേണ്ടതെന്നുള്ള പരീശന്മാരുടെ വാദത്തെയും റോമാ ഗവൺമെന്റിനെ അംഗീകരിക്കണമെന്നുള്ള ഹെരോദ്യരുടെ വാദത്തെയും ഒരുപോലെ തൃപ്തിപ്പെടുത്തുന്നതായിരുന്നു. യേശുവിന്റെ പദപ്രയോഗങ്ങളിൽ സൂക്ഷ്മാംശങ്ങൾ ഉണ്ടായിരുന്നു. കൊടുക്കും എന്നുള്ളത് അക്ഷരികമായി തിരികെ കൊടുക്കുക എന്നാണ്.

***

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

## എം. എസ്. ജെ

## V സർദ്ദീസിലെ സഭ (വെളി 3:1-6)

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

കർത്താവിൻെറ കരങ്ങളിൽ ഇരിക്കുന്ന ദൂതന്മാർ, അവൻെറ സഭകളിലെ വിശുദ്ധന്മാരും അവൻെറ മക്കളുമാണ്. യേശുക്രിസ്തുവിനെ ഭക്തിയാദരപൂർവ്വം ഭയപ്പെടുകയും താല്പര്യ പൂർവ്വം അവനെ എപ്പോഴും അന്വേഷിക്കയും ചെയ്യുന്നവരാണ്. അവൻെറ കല്പനകൾക്കും, ഉപദേശങ്ങൾക്കും എല്ലായ്പ്പോഴും വിധേയത്വം നല്കി ജീവിക്കുന്നവരാണ്. അവനെ സ്നേഹിച്ചു അവന്നു പ്രസാദമുള്ളത് അവർ എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. ആത്മാവിൽ സ്തുതികളാലും സങ്കീർത്തനങ്ങളാലും ആത്മീക ഗീതങ്ങളാലും അവനു പാടിയും; ഹൃദയം കൊണ്ട് അവനെ സത്യത്തിലും ആത്മാവിലും വചന പ്രകാരം ആരാധിക്കുന്നവരും ആണ്! ദൈവവചനം യഥാർത്ഥമായി പ്രസംഗിക്കയും, സമയത്തിലും അസമയത്തിലും ആത്മീക ശുശ്രൂഷകൾക്കായി ഒരുങ്ങി നില്ക്കയും; സകല ദീർഘ ക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്യുക പ്രബോധിപ്പിക്ക" (2തിമൊ 4:2). ഇപ്രകാരം ചെയ്യുന്നവരാണ് കർത്താവിൻെറ സഭകളുടെ ദൂതന്മാർ.

അഗാധവും അനുഭവവുമുള്ള ജ്ഞാനത്തോടെ ഭൂമിയിലായിരിക്കുന്ന അവൻെറ രാജ്യമാകുന്ന സഭകളെ എല്ലാം കണ്ടറിയുന്ന കർത്താവ് സർദ്ദീസിലെ സഭയിലെ നന്മ തിന്മകളെക്കുറിച്ച് അരുളിച്ചെയ്യുന്നു. "ഞാൻ നിൻെറ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ട്

എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നുകൊൾക; ചാവാറാ യ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവൃത്തി എന്റെ ദൈവത്തിന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല" (വെളി 3:1-2).

സർദ്ദീസിലെ സഭയുടെ പ്രവൃത്തി നന്നായി ഗ്രഹിച്ചവ നായ കർത്താവ് ഭൂമിയിലുള്ള സകല സഭകളുടേയും പ്ര വർത്തനങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കയാണ്. ജീവനുള്ള വരെന്ന് ജഡപ്രകാരം അനേകർക്കും അഭിമാനിക്കാമെങ്കിലും ആത്മീകമായി അവർ സർദ്ദീസിലെ സഭയിലുള്ളവരെ പോ ലെ തന്നെ മരിച്ചവരാണെന്നു കർത്താവ് അറിയുന്നു.

പാപത്തിന് അടിമയായി തീരുമ്പോഴാണ് ആത്മീക മരണം വന്നുഭവിക്കുന്നത്. യഹോവയായ ദൈവം മനുഷ്യ നോടു (ആദാമിനോട്) കല്പിച്ചിരുന്നത്, നന്മതിന്മകളെ ക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്. അതു തിന്നുന്ന നാളിൽ നീ മരിക്കും എന്നായിരുന്നു. എന്നാൽ ദൈവത്തിന്റെ ശത്രുവായ സാത്താൻ എന്ന പഴയ പാമ്പ് ദൈവ കല്പനയെ ലംഘിക്കുന്നതിനു സ്ത്രീയ്ക്കു പ്രേര ണ നല്കി. "നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നു ന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മ തിന്മകളെ അറിയുന്നവരായി ദൈവത്തെ പ്പോലെ ആകയും ചെയ്യും" (ഉല്പത്തി 3:4,5). അങ്ങനെ അവർ തിന്നരുതെ ന്നു ദൈവം കല്പിച്ച വൃക്ഷ ഫലം തിന്നുകയും അവർ നിമിത്തം ഭൂമി ശപിക്കപ്പെടുകയും ചെയ്തു. അവർക്ക് ദൈവവുമായുള്ള കൂട്ടായ്മ എന്നന്നേക്കുമായി നഷ്ടപ്പെട്ടു. അവർക്ക് ജഡശരീരത്തിൽ ജീവൻ ഉണ്ടെങ്കിലും ആത്മീക ജീവൻ അവരിൽ ഇല്ലാതെയായി. ആത്മീകമായി മരിച്ച അ വർക്ക് ദൈവസാന്നിദ്ധ്യം നഷ്ടപ്പെട്ടു. ഏദെൻ തോട്ടത്തിൽ നിന്നു അവരെ പുറത്താക്കി.

ക്രിസ്തുവിന്റെ സഭകളുടേയും, ക്രിസ്തീയ സമു ദായ സംഘടനസഭാ വിഭാഗങ്ങളുടേയും ജീവിതത്തിലും, പ്രവൃത്തികളിലും കർത്താവ് അവരുടെ ആത്മീകമായ മരിച്ച അവസ്ഥ കണ്ടുകൊണ്ടിരിക്കയാണ്. ക്രിസ്തീയ

സമുദായ സംഘടന സഭകളുടെ നെറികെട്ട ധനസമ്പാദന രീതികളും, യേശുവിൻെറ പേരു പറഞ്ഞു വിഗ്രഹങ്ങളാകുന്ന കുട്ടി ദൈവങ്ങളെ വിററഴിച്ചും, പുണ്യാളന്മാരായി ചിലരെ സങ്കൽപ്പിച്ചു അവരിലൂടെ പണക്കൂമ്പാരങ്ങൾ സ്വരൂപിക്കുന്ന സമ്പ്രദായങ്ങളും എത്രയോ ഹീനകരമാണ്. ദൈവീകമായ ആത്മീക ചൈതന്യം പുറമേ പൂശിപ്പുതപ്പിച്ച് വെറും കല്ലും, മണ്ണും, പുല്ലും വൈക്കോലും, സ്വർണ്ണം വെള്ളി, ചെമ്പ്, പിച്ചള, ഓട് എന്നീ ലോഹങ്ങൾ കൊണ്ടും കൈപ്പണിയായി തീർത്ത രൂപങ്ങളുടെ മുമ്പിൽ വണങ്ങിയും മുട്ടുകുത്തിയും വലയുന്ന സാധുജനങ്ങളെ കബളിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെ! നിങ്ങളാണോ കർത്താവിൻെറ വലങ്കയ്യിലെ സഭകളുടെ ദൂതന്മാർ? കർത്താവു നിങ്ങളെ നോക്കി പറയുന്നു; ''ഞാൻ നിൻെറ പ്രവൃത്തി അറിയുന്നു'' ഇങ്ങനെ എത്രയോ ലജ്ജാകരമായ പ്രവൃത്തികൾ യേശുക്രിസ്തുവിൻെറ പേരു പറഞ്ഞു നിങ്ങൾ ജനത്തെ കൊണ്ടു ചെയ്യിക്കുന്നു. നിങ്ങളുടെ അധർമ്മ പ്രവൃത്തികൾ മൂലം പാപം പെററു പെരുകുന്നു. അതിൻെറ സുഖലോലുപതയിൽ കിടന്നുരുളുന്ന നിങ്ങളെ കർത്താവ് മരിച്ചവരുടെ കൂട്ടത്തിൽ എണ്ണിയിരിക്കുന്നു.

ഒരിക്കൽ ഞാൻ പക്ഷവാതം പിടിപെട്ടു കിടപ്പിലായ ഒരാളിനെ സന്ദർശിച്ചു. ഞാൻ കണ്ട അയാളുടെ അവസ്ഥ എത്രയോ ദയനീയവും, അത്ഭുതകരവുമായ ഒന്നായിരുന്നു. അയാളുടെ കഴുത്തിനു താഴെ ഉള്ള ശരീരത്തിലെ സകല അവയവങ്ങളും തളർന്നു നിർജ്ജീവമായിരുന്നു. എന്നാൽ അയാൾ ബുദ്ധിപരമായി എത്രയോ വാചാലമായി സംസാരിക്കുന്നു. അയാളുടെ കുഴയാത്ത നാവിൽ നിന്നും ഉതിരുന്ന വാക്കുകൾ കേട്ടാൽ കേട്ടു നില്ക്കുന്നവർ തരിച്ചുപോകും, അയാളുടെ 12-ാം വയസ്സിൽ തുടങ്ങിയ കിടപ്പ് വർഷങ്ങളായി തുടരുകയാണ്. രോഗിയുടെ ഒരു ഭാഗം സജീവമായിരിക്കുമ്പോൾ വേറൊരു ഭാഗം നിർജ്ജീവമായിരിക്കുന്നു. എന്നാൽ രണ്ടു ഭാഗവും ഒരേ ശരീരത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു; ''ജീവനുള്ളവൻ എന്നു നിനക്കുപേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു''.

അനേകം അനേകം മനുഷ്യരെ നമുക്ക് നമ്മുടെ ചുററുപാടുകളിലും ലോകമെങ്ങും ഓർമ്മിക്കാൻ കഴിയുന്നു. നിറത്തിലും, ഭാഷയിലും, ആചാരരീതിയിലും വ്യത്യാസം ഉണ്ടെങ്കിലും സ്വരൂപത്തിലും സാദൃശ്യത്തിലും വ്യത്യാസം കാണുന്നില്ല. എന്നാൽ ഓരോരുത്തരുടേയും പ്രവൃത്തികൾ വിഭിന്നവും, സാത്താന്റെ ഇച്ഛയ്ക്കു അനുസൃതവുമാണ്. ഹൈന്ദവ പുരാണകഥകളിലെ 'നരസിംഹം' പോലെയാണ്. പേരുകൊണ്ടും ആചാരകർമ്മാനുഷ്ഠാനങ്ങൾ കൊണ്ടും ക്രിസ്ത്യാനിയായി അറിയപ്പെടുന്നെങ്കിലും, ജീവിതം കൊണ്ടോ, വിശ്വാസം കൊണ്ടോ യേശുക്രിസ്തുവിന്റെ അയൽപക്കത്തുപോലും എത്തിച്ചേരാൻ സാധിക്കയില്ല.

ക്രിസ്ത്യാനികൾക്ക് അവരുടേതായ പ്രത്യേകപേരുകൾ ഒന്നും തന്നെ ഇല്ല. പേരിലും നാളിലും ആളിലും അല്ല കാര്യം പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസമാണ് ആവശ്യം, ഈ കാലഘട്ടത്തിൽ ക്രിസ്തീയ സമുദായ സംഘടന സഭാ പ്രസ്ഥാനങ്ങൾ ഓരോന്നും ദൈവത്തെയും അവന്റെ പുത്രനായ യേശുക്രിസ്തുവിനെയും ദുഷിക്കുന്നതിനും, ദുഷിപ്പിച്ചുകൊണ്ടിരിക്കുന്നതിനും അവതരിച്ചിരിക്കുന്ന നരസിംഹാവതാരങ്ങളാണോ ? യേശുക്രിസ്തുവിന്റേയും, അപ്പോസ്തലന്മാരുടേയും ഉപദേശങ്ങളിൽ നിന്നും വിട്ടകന്ന്, അന്യഥാഉപദേശങ്ങൾക്കും, ജാതീയ ആചാരങ്ങൾക്കും ലോകത്തിനും അനുരൂപമായി അധഃപ്പതിച്ച അനുഭവമല്ലേ അവരിൽ നിറഞ്ഞൊഴുകുന്നത്? ആവക പ്രസ്ഥാനങ്ങളിൽ അംഗങ്ങളായിരിക്കുന്ന ഏവരുടേയും ആത്മീക നിലവാരം മരിച്ച അവസ്ഥയാണ്. അവരുടെ ആത്മീക ജീവിതം വെറും പ്രഹസനം അത്രെ.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnana-sundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays—9:00 to 9:15 P.M.
Fridays —7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:15 to 3:30 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.


## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22



Bro K. R. Bose died on 1-6-1992. He was an active member of the Church in Trivandrum. He has written Several Articles. We would meet him in heaven.

---

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

---

To

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram - 695034